**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 293 — 21/06/2013-ൽ മറുപടിയ്ക്ക്

**ഹൈടെക് കൃഷിയുടെ പ്രചരണാർത്ഥം ആവിഷ്ക്കരിച്ച ഗ്രീൻ ഹൗസുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ.വി.എസ്. സുനിൽ കുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഹൈടെക് കൃഷിയുടെ പ്രചരണാർത്ഥം ആവിഷ്ക്കരിച്ച ഗ്രീൻ ഹൗസുകൾ സംസ്ഥാനത്ത് എത്ര കൃഷി ഭവൻ പരിധികളിൽ നടപ്പിലാക്കി; ആകെ എത്ര ഗ്രീൻ ഹൗസുകൾ ഇതു വരെ സ്ഥാപിച്ചു ; | എ) ഹൈടെക് കൃഷിയുടെ പ്രചരണാർത്ഥം 2012-13 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച ഗ്രീൻ ഹൗസുകൾ സംസ്ഥാനത്ത് 193 കൃഷിഭവൻ പരിധികളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഒരു പഞ്ചായത്തിൽ 3 എന്ന നിരക്കിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ അപേക്ഷ ക്ഷണിച്ചതിൽ നിന്നും സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം 1125 പേരെ തിരഞ്ഞെടുക്കുകയും അവർക്ക് നിർമ്മാണാനുമതി നൽകുകയും ചെയ്തു. ഇതിൽ 303 എണ്ണം നിർമ്മാണം പൂർത്തിയാക്കി വിള നടുകയോ ഇപ്പോൾ നിർമ്മാണം നടന്നു വരുകയോ ചെയ്യുന്നതും ആണ്. മുൻ വർഷങ്ങളിൽ സംസ്ഥാനത്ത് കേന്ദ്ര വിഹിതം ഉപയോഗിച്ച് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നിവയിൽ ഉൾപ്പെടുത്തി 154 പോളീഹൗസുകളും 2012-13-ൽ സംസ്ഥാന പദ്ധതിയായ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച 55 പോളീഹൗസുകളും ഉൾപ്പെടെ ആകെ 512 ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുവാനുള്ള പ്രവർത്തികൾ പൂർത്തിയായി വരുന്നു. |

| | | | |
|---|---|---|---|
| ബി) | ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ എത്ര തുക ഇതിനകം ചെലവാക്കി കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ; | ബി) | ഈ പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ ആകെ 303 ഗ്രീൻ ഹൗസുകൾക്കായി 283.305 ലക്ഷം രൂപ പോളീഹൗസ് നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ചെലവഴിയ്ക്കുന്നതാണ്. കൂടാതെ 21 മാതൃകാ പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 139.725 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. പച്ചക്കറി വികസന പദ്ധതിയിൽ 55 പോളീ ഹൗസുകൾക്കായി 162.37210 ലക്ഷം രൂപയും ചെലവഴിക്കുന്നതാണ്. |
| സി) | ഈ പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര കോടി രൂപ സബ്സിഡിയായി ഇതുവരെ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) | ഈ പദ്ധതിയ്ക്കായി 5.6661 കോടി രൂപ കേന്ദ്ര സർക്കാർ വിഹിതമായും, 2.83305 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായും ഗ്രാമപഞ്ചായത്തുകളിൽ പോളീ ഹൗസുകൾ നിർമ്മിക്കുന്നതിന് ആകെ 8.49915 കോടി രൂപ വിനിയോഗിച്ച് വരുന്നു. കൂടാതെ 21 മാതൃകാ പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 1.39725 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതത്തിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. നാളിതുവരെ സംസ്ഥാനത്ത് നിർമ്മിച്ച പോളീ ഹൗസുകൾക്കായി ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ നിന്നും രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ നിന്നുമായി 951.26245 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ